**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2219** **30-09-2025 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ്മോർട്ടത്തിന് സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പിറവം നിയോജക മണ്ഡലത്തിലെ കൂത്താട്ടുകുളം, മുളന്തുരുത്തി എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ,വിശദമാക്കാമോ; | (എ) | കൂത്താട്ടുകുളം സാമൂഹികാരോഗ്യകേന്ദ്രത്തിൽ നിന്നും 13 km ദൂരത്തിലുള്ള പിറവം താലൂക്ക് ആശുപത്രിയിലും, 15km ദൂരത്തിലുള്ള മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലും ആധുനിക സംവിധാനങ്ങളോടുകൂടിയ മോർച്ചറി, പോസ്റ്റ്മോർട്ടം സൗകര്യം എന്നിവ ലഭ്യമാണ്. ഇതിൽ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ പോലീസ് സർജ്ജന്റെ സേവനവും ലഭ്യമാണ്. മുളന്തുരുത്തി സാമൂഹികാരോഗ്യകേന്ദ്രത്തിൽ നിന്നും 7 km ദൂരത്തിലുള്ള പിറവം താലൂക്ക് ആശുപത്രിയിലും, 14 km ദൂരത്തിലുള്ള തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലും ആധുനിക സംവിധാനങ്ങളോടുകൂടിയ മോർച്ചറി, പോസ്റ്റ്മോർട്ടം സൗകര്യം ലഭ്യമാണ്. |
| (ബി) | ഇതുമൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ, വിശദമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ പോസ്റ്റമോർട്ടം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ,വിശദമാക്കാമോ; | (സി) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന ഘടകങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ മുഖേന നൽകേണ്ട സേവനങ്ങളിൽ പോസ്റ്റ്മോർട്ടം ഉൾപ്പെടുന്നില്ല. മാത്രമല്ല സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം പോസ്റ്റ്മോർട്ടം നടത്തുന്നതിന് ആവശ്യമായ ജീവനക്കാർ ലഭ്യമല്ല. |
| (ഡി) | പ്രസ്തുത കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തതിന്റെ നിയമപരവും സാങ്കേതികപരവുമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഡി) | ഉത്തരം (സി) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ